## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 4937** **27.10.2016** ൽ മറുപടിയ്ക്ക്

### കടുത്തുരുത്തി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം

**ചോദ്യം**

**ശ്രീ. മോൻസ് ജോസഫ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കടുത്തുരുത്തി ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഒരേക്കർ സ്ഥലം കടുത്തുരുത്തി പോളിടെക്നിക് കോമ്പൗണ്ടിൽ നിന്നും അനുവദിക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിലവിലുള്ള ഫയലിന്റെ പുരോഗതിയും ഇനിയുള്ള നടപടി ക്രമങ്ങളും വ്യക്തമാക്കാമോ; | (എ) കടുത്തുരുത്തി ഫയർ സ്റ്റേഷന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് 04/03/14-ലെ 4181/ വി.ഐ.പി/സി.എം/2014 നമ്പരായി 03/06/14 -ൽ ലഭിച്ച അപേക്ഷ 11/06/14-ൽ വൈക്കം തഹസിൽദാർക്ക് അയച്ചു കൊടുത്തതായും വൈക്കം തഹസീൽദാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലാ റവന്യൂ ഡിവിഷണൽ ഓഫീസർ 26/09/15-ൽ ഭൂമി കൈമാറ്റത്തിനുള്ള നിശ്ചിത റിക്വിസിഷൻ ഫോം ഒഴികെയുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തതായി കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത റിക്വിസിഷൻ ഫോം സമർപ്പിക്കുന്നതിന് ഭൂമി കൈമാറി ലഭിക്കേണ്ട ഫയർ & റസ്ക്യൂ വകുപ്പിനും ഗ്രാമ പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയായതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഭൂമി കൈമാറുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും 30.11.15-ന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നും 30/01/16- ൽ ഭൂമി കൈമാറ്റത്തിനുള്ള നിശ്ചിത റിക്വിസിഷൻ ഫോം സമർപ്പിച്ചപ്പോൾ ഭൂമി കൈമാറി നൽകേണ്ട ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭിച്ചാൽ മാത്രമേ ഭൂമി കൈമാറ്റത്തിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് 04.02.16-ൽ ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുകയും കത്തിന്റെ പകർപ്പ് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഭൂമി കൈമാറുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി നൽകുകയും ചെയ്തിട്ടുള്ളതാണ്. |

| | | |
|---|---|---|
| | | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭിച്ചാൽ മാത്രമേ സേവന വകുപ്പുകൾക്ക് കൈമാറുന്നതിനു നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതും അവയുടെ നിയന്ത്രണത്തിലുള്ളതുമായ പുറമ്പോക്ക് ഭൂമി ഇതിനായി വിജ്ഞാപനം മുഖേന റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തപ്പെടുത്തേണ്ടതുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;നിലവിൽ ടി ഫയൽ റവന്യൂ എ വിഭാഗത്തിലെ ഏത് ഫയൽ നമ്പർ പ്രകാരമാണ് കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ടി വകുപ്പിന്റെ കൈവശമുള്ള ഭൂമി കൈമാറുന്നതിനുള്ള നിരാക്ഷേപ പത്രം കോട്ടയം ജില്ലാ കളക്ടർക്കു ലഭ്യമാക്കിയിട്ടില്ല. ജില്ലാ കളക്ടറുടെ വിശദമായ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ ഫയൽ ലഭ്യമല്ല. |

T. [signature]

സെക്ഷൻ ഓഫീസർ